പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.379. 08.02.2016 ൽ മറുപടിയ്ക്ക്.

## ഓട്ടോറിക്ഷകളിലെ മീറ്റർ

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സേവനം നടത്തിക്കൊണ്ടിരിക്കുന്ന ഭൂരിഭാഗം ഓട്ടോറിക്ഷകളിലും മീറ്റർ പ്രവർത്തിപ്പിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്ന സമയത്ത് മാത്രം ഓട്ടോറിക്ഷകളിലെ മീറ്റർ പ്രവർത്തിപ്പിക്കുകയും പിന്നീട് നിശ്ചലമാക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് ഓട്ടോറിക്ഷകളിലെ മീറ്റർ സംവിധാനമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | എങ്കിൽ, മീറ്റർ പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | എല്ലാ ഓട്ടോറിക്ഷകളിലും ലീഗൽ മെട്രോളജി വകുപ്പ് സീൽ ചെയ്തിട്ടുള്ള ഫെയർ മീറ്റർ ഘടിപ്പിച്ചിട്ടുണ്ടോ എന്നും അവയുടെ പ്രവർത്തനം കാര്യക്ഷമ |

| | | | |
|---|---|---|---|
| | | | മാണോയെന്നും ഓട്ടോറിക്ഷകളുടെ രജിസ്ട്രേഷൻ സമയത്തും, ഫിറ്റ്നസ് പരിശോധിക്കുമ്പോഴും റോഡിൽ വാഹന പരിശോധന നടത്തുന്ന അവസരങ്ങളിലും ഉറപ്പു വരുത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ സർവ്വീസിനായി വരുന്ന എല്ലാ ഓട്ടോറിക്ഷകളിലും പ്രവർത്തനക്ഷമമായ മീറ്റർ ഘടിപ്പിച്ചതിനു ശേഷം മാത്രമേ മോട്ടോർ വാഹന വകുപ്പിൽ നിന്ന് സർവ്വീസുകൾ ചെയ്തു കൊടുക്കാറുള്ളൂ. എല്ലാ ഡി.റ്റി.സി, ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ. മാർക്കും ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട് .<br>കൂടാതെ, ഫെയർ മീറ്ററിന്റെ നമ്പർ ആർ.സി. ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | മീറ്റർ പ്രവൃത്തിപ്പിക്കാതെ ഓടുന്ന ഓട്ടോറിക്ഷകൾക്ക് എതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (ഡി) | ഫെയർ മീറ്റർ ഘടിപ്പിയ്ക്കാത്തതും പ്രവർത്തിപ്പിയ്ക്കാത്തതുമായ വാഹനങ്ങൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. 2014-2015 കാലയളവിൽ 1581 ഓട്ടോറിക്ഷകൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി പിഴ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.